08/06/2020
6.5.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1444(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.8579/എസ്.ഐ.സി-ജി 6/17
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീമതി.റാണി ജോസഫ്
C/o റ്റി.എസ്.രാജേന്ദ്രൻ
CC 58/834
ഭാരതി സുധാഭവൻ
ആനന്ദപുരം കോളനി
എറണാകുളം–682 018
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ആന്റ് അസിസ്റ്റന്റ് ലേബർ ഓഫീസർ
എറണാകുളം ഫസ്റ്റ് സർക്കിൾ
എറണാകുളം–30
2. അപ്പീൽ അധികാരി
ജില്ലാ ലേബർ ഓഫീസർ
എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.01.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.02.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.04.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 24.04.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02.06.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.06.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തെറ്റായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും മറുപടി ലഭ്യമാക്കിയില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 24.01.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 04.08.2016 ൽ ഹർജിക്കാരി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലുള്ള ചില വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിൽ ഇനം 1 ൽ ടി ഓഫീസിന്റെ കൈവശമുള്ളതും ഹർജിക്കാരി അയച്ചതുമായ പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന മാർഗരറ്റ് സൂപ്പർവൈസറെപ്പറ്റി അന്വേഷിച്ചിരുന്നോ എന്നും അന്വേഷണത്തിന്റെ റിപ്പോർട്ട് എന്താണെന്നും ഇനം 2 ൽ അഞ്ചാമത്തെ പരാതിയിൽ ആയ ചെയ്യേണ്ട ജോലിയല്ല ചെയ്യിക്കുന്നതെന്നും അതിനെപ്പറ്റിയുള്ള അന്വേഷണത്തിൽ കിട്ടിയ റിപ്പോർട്ട് എന്താണെന്ന് അറിയണമെന്നും തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങൾക്കാണ് മറുപടി ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.02.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 17.04.2017 ന് അപ്പീൽ നൽകുകയും, 24.04.2017 ന് അപ്പീൽ അധികാരി മറുപടി നൽകുകയും, ആയതിൽ അപ്പീൽ അധികാരി, വിവരാവകാശ അപേക്ഷയിൽ ചോദിക്കുന്നവയ്ക്ക് വ്യക്തമായ രീതിയിൽ സമയബന്ധിതമായി മറുപടി നൽകേണ്ടതാണെന്നും, നിയമപ്രകാരം അയക്കുന്ന കത്തിൽ എസ്.പി.ഐ.ഒ യുടെ പേര്, മേൽവിലാസം ഓഫീസ് മുദ്ര എന്നിവ പതിച്ചു മാത്രമേ നൽകാവൂ എന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശവും നൽകി.

4. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്ക് അപ്പീൽ അധികാരിയുടെ നിർദ്ദേശ പ്രകാരം 03.05.2017 ന് മറുപടി ഹർജിക്കാരിക്ക് നൽകിയെന്നു എസ്.പി.ഐ.ഒ ഹിയറിംഗിൽ ബോധിപ്പിക്കുകയും ആയതിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് അയക്കാൻ കമ്മീഷൻ നിർദ്ദേശിക്കുകയും 13.02.2020 ന് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ 03.05.2017 ന്റെ മറുപടിയുടെ പകർപ്പ്, കമ്മീഷന്റെ ഹിയറിംഗിലെ നിർദ്ദേശപ്രകാരം സമർപ്പിക്കുന്ന

തായും, ടി മറുപടി അപ്പീൽ ഹർജിക്കാരിക്ക് അയച്ചു നൽകിയതായി ഡെസ്പാച്ച് രജിസ്റ്റ റിൽ നിന്നും ബോധ്യപ്പെട്ടതായും അറിയിച്ചു. മറുപടി നൽകിയതായുള്ള എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് കണക്കിലെടുത്തു കൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res